"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2008-ഭൂമിയുടെ സ്വഭാവവ്യതിയാനത്തിന് ഫീസ് ഇനത്തിൽ തെറ്റായി ഈടാക്കിയ തുക തിരികെ നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി ബി) വകുപ്പ്**

സ.ഉ.(സാധാ) നം.933/2026/RD തീയതി,തിരുവനന്തപുരം, 13-05-2026

---

പരാമർശം:-

1. തൃശ്ശൂർ സബ് കളക്ടറുടെ 07.07.2025-ലെ RDOTSR/1861/2025-B8 നമ്പർ നടപടിക്രമം.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 31.07.2025-ലെ LR/8091/2025-LR(A7) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിൽ, ചാവക്കാട് താലൂക്കിൽ, തൈക്കാട് വില്ലേജിൽ, സർവ്വെ നമ്പർ 186/9-6-ൽപ്പെട്ട 0.1214 ഹെക്ടർ ഭൂമിയുടെ തരം വില്ലേജ് രേഖകളിൽ മാറ്റുന്നതിനായി ശ്രീ. രഘുനാഥ് കെ., കുന്നത്തൂർ വീട്, ബ്രഹ്മകുളം പി. ഒ., തൈക്കാട്, തൃശ്ശൂർ എന്ന വ്യക്തി സമർപ്പിച്ച ഫോം 6 അപേക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ പ്രാഥമിക പരിശോധനയിൽ ടി ഭൂമി ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതായി കാണാൻ സാധിക്കാത്തതിനാൽ പ്രസ്തുത ഭൂമിയുടെ തരംമാറ്റുന്നതിനായി തൃശ്ശൂർ സബ്കളക്ടർ ഫീസ് ഈടാക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ 1,73,131/- (ഒരു ലക്ഷത്തി എഴുപത്തിമൂവായിരത്തി ഒരുന്നൂറ്റിമുപ്പത്തിയൊന്ന് രൂപ മാത്രം) രൂപ ഫീസ് അടവ് വരുത്തിയിരുന്നു.

2. എന്നാൽ വിശദമായ പരിശോധനയിൽ സർവ്വെ നമ്പർ 186/9-ൽപ്പെട്ട ഭൂമി ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ 11.08.2020 തീയതിയിലെ വാല്യം 9 ലെ 1811 നമ്പർ ഗസറ്റ് വിജ്ഞാപനപ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ടി ഭൂമിക്ക് തരംമാറ്റം അനുവദിക്കുവാൻ നിർവ്വാഹമില്ലെന്ന് കണ്ടെത്തുകയും, തുടർന്ന് ഭൂമിതരംമാറ്റത്തിനുള്ള അപേക്ഷ നിരസിച്ചുകൊണ്ട് അടവാക്കിയ തുക റീഫണ്ട് ചെയ്ത് നൽകുന്നതിന് സൂചന (1) നടപടിക്രമം പ്രകാരം തൃശ്ശൂർ സബ് കളക്ടർ ഉത്തരവായിട്ടുള്ളതുമാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു.

3. 07/08/2017 ലെ GO(P) No. 102/2017 നമ്പർ ഉത്തരവ് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ വരെയുള്ള വകുപ്പ് തല അധികാരികൾക്ക് റീഫണ്ട് അനുവദിക്കുന്നതിനുള്ള സാമ്പത്തിക അധികാരം ഇല്ലാത്തിനാൽ മേൽ പ്രകാരം ശ്രീ. രഘുനാഥ് കെ. യിൽ നിന്നും ഈടാക്കിയ 1,73,131/- (ഒരു ലക്ഷത്തി എഴുപത്തിമൂവായിരത്തി ഒരുന്നൂറ്റിമുപ്പത്തിയൊന്ന് രൂപ

മാത്രം) രൂപ തിരികെ നൽകുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്ന് സൂചന (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ, ചാവക്കാട് താലൂക്കിൽ, തൈക്കാട് വില്ലേജിൽ, സർവ്വെ നമ്പർ 186/9-6 ൽ പ്പെട്ട 0.1214 ഹെക്ടർ ഭൂമിയുടെ തരം വില്ലേജ് രേഖകളിൽ മാറ്റുന്നതിനായി ശ്രീ. കെ. രഘുനാഥ് എന്ന വ്യക്തിയിൽ നിന്നും ഫീസ് ഇനത്തിൽ തെറ്റായി ഈടാക്കിയ 1,73,131/- (ഒരു ലക്ഷത്തി എഴുപത്തിമൂവായിരത്തി ഒരുന്നൂറ്റിമുപ്പത്തിയൊന്ന് രൂപ മാത്രം) രൂപ ടിയാന് തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

5. ലാൻഡ് റവന്യൂ കമ്മീഷണർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത നിയമപ്രകാരം ഫീസിനത്തിൽ ഈടാക്കുന്ന തുക തിരികെ നൽകുന്ന വേളയിൽ ആയതിന്റെ കണക്ക് വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടിയും ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമിയുടെ തരംമാറ്റുന്നതിന് വ്യവസ്ഥ ഇല്ല എന്നതിനാൽ ഇത്തരം ഭൂമിയുടെ തരംമാറ്റത്തിനായി അപേക്ഷ സ്വീകരിക്കുന്നതും, ഫീസ് ഈടാക്കുന്നതുമായ സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികളും ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ. കെ. രഘുനാഥ്, കുന്നത്തൂർ വീട്, ബ്രഹ്മകുളം പി. ഒ., തൈക്കാട്, തൃശ്ശൂർ - 680104
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം
3. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
4. ജില്ലാ കളക്ടർ, തൃശ്ശൂർ.
5. സബ് കളക്ടർ, തൃശ്ശൂർ.
6. ധനകാര്യ (വ്യയം-ഡി) വകുപ്പ് (23.03.2026-ലെ 3277107/EXP-D1/403/2025-FIN)
7. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Jayalekshmi A C
Date: 13-05-2026 12:05:29
സെക്ഷൻ ഓഫീസർ